# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2864

06.11.2019-ലെ മറുപടി

### ചങ്ങനാശ്ശേരി,തിരുവല്ല നഗരങ്ങളിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി,തിരുവല്ല നഗരങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത നഗരങ്ങളിലേക്ക് കൂടുതൽ വെള്ളം എത്തിക്കുവാൻ ആരംഭിച്ചിരിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ചങ്ങനാശ്ശേരി, തിരുവല്ല നഗരങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത നഗരങ്ങളിലേക്ക് കൂടുതൽ വെള്ളം എത്തിക്കുവാനും വേണ്ടി കിഫ്ബി 2016-17 ൽ ഉൾപ്പെടുത്തിയ 'തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി'യ്ക്ക് കിഫ്ബിയിൽ നിന്നും 58 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.<br>5 പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>പദ്ധതിയുടെ ഒന്നാമത്തെ പാക്കേജിൽ 10 MLD ശേഷിയുള്ള ജലശുദ്ധീകരണ ശാല, നിലവിൽ 25 MLD ശേഷിയും , 33 MLD ശേഷിയുമുള്ള ജലശുദ്ധീകരണശാലകളുടെ നവീകരണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. ഒന്നാം പാക്കേജിന്റെ പ്രവൃത്തികൾ 75% പൂർത്തീകരിച്ചു.<br>രണ്ടാമത്തെ പാക്കേജിൽ 15 ലക്ഷം ലിറ്റർ കപ്പാസിറ്റിയും, 22 ലക്ഷം ലിറ്റർ കപ്പാസിറ്റിയും ഉള്ള ഉന്നതതല ജലസംഭരണികൾ (തിരുമൂലപുരത്തും തിരുവല്ലയിലും), ബന്ധപ്പെട്ട ട്രാൻസ്മിഷൻ മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. മേൽ പ്രവർത്തികൾ 70 % പൂർത്തീകരിച്ചു.<br>മൂന്നാം പാക്കേജിൽ കറ്റൂർ, തിരുവൻവണ്ടൂർ പഞ്ചായത്തുകളിൽ 15 ലക്ഷം വീതം കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം. ബന്ധപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ. വിതരണ ശൃംഖലകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ മേൽ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | പ്രവർത്തികൾക്ക് സ്ഥലം ലഭ്യമായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.<br>നാലാം പാക്കേജിൽ നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും അപ്ഗ്രഡേഷൻ വർക്കുകൾ ആണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ പ്രവർത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിൽ ആണ്.<br>കൂടാതെ അഞ്ചാം പാക്കേജിൽ KSEB യുമായി ബന്ധപ്പെട്ട് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ചങ്ങനാശ്ശേരി നഗര സഭയിലേക്ക് അധികമായി ലഭിക്കുന്ന ജലത്തിന്റെ അളവെത്ര യാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ചങ്ങനാശ്ശേരി നഗരസഭയിലേക്ക് 5 MLD ശുദ്ധജലം അധികമായി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | മേൽ പദ്ധതി മാർച്ച് 2020-ൽ പൂർത്തീകരിക്കാമെന്നാണ് കണക്കാക്കിയിരുന്നതെങ്കിലും, മൂന്നാമത്തെ പാക്കേജിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടും PWD യിൽ നിന്നും റോഡ് പുനസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സംബന്ധിച്ചും തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം 2021 മാർച്ച് വരെ നീളാൻ സാധ്യതയുണ്ട്. എന്നിരുന്നാലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനായി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**